ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 06.12.2025** **TIME: 06.30 PM**

### പ്രധാന വാർത്തകൾ

1. ആദ്യഘട്ട തദ്ദേശ തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലെ പരസ്യപ്രചാരണം നാളെ അവസാനിക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ചൊവ്വാഴ്ച വോട്ടെടുപ്പ്.

2. സംസ്ഥാനത്ത് വോട്ടെടുപ്പിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി. നടപടികൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വിലയിരുത്തി.

3. തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് എന്യൂമറേഷൻ ഫോം ഈ മാസം 18 വരെ സ്വീകരിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ.

4. വിമാനം റദ്ദാക്കിയതുമായി ബന്ധപ്പെട്ട് യാത്രക്കാർക്ക് തിരികെ ലഭിക്കാനുള്ള പണം വേഗം നൽകണമെന്ന്

ഇൻഡിഗോയ്ക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ നിർദ്ദേശം.

5. വിശാഖപട്ടണത്ത് നടക്കുന്ന ഇന്ത്യ- ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യക്ക് 271 റൺ വിജയലക്ഷ്യം.

*************************************

## തിരഞ്ഞെടുപ്പ്-പരസ്യപ്രചാരണം

തദ്ദേശ തിരഞ്ഞെടുപ്പിൽ ആദ്യഘട്ട വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിലെ പരസ്യപ്രചാരണം നാളെ വൈകിട്ട് 6 മണിക്ക് അവസാനിക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ചൊവ്വാഴ്ചയാണ് വോട്ടെടുപ്പ്. വോട്ടെടുപ്പിനു മുൻപുള്ള അവസാനത്തെ വാരാന്ത്യ അവധിക്കിടെ പരമാവധി പേരെ നേരിൽ കണ്ട് വോട്ടുകൾ ഉറപ്പാക്കാനുള്ള ശ്രമത്തിലാണ് സ്ഥാനാർത്ഥികൾ. തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപറേഷനുകളും ആദ്യഘട്ട വോട്ടെടുപ്പു നടക്കുന്നവയിൽ ഉൾപ്പെടുന്നു. ആകെ 36,630 സ്ഥാനാർത്ഥികളാണ് ചൊവ്വാഴ്ചത്തെ തെരഞ്ഞെടുപ്പിൽ ജനവിധി തേടുന്നത്.

*************************************

## തിരഞ്ഞെടുപ്പ് കമ്മീഷണർ യോഗം

സംസ്ഥാനത്ത് വോട്ടെടുപ്പിനുള്ള ക്രമീകരണങ്ങൾ ജില്ലാ കളക്ടർമാരുമായി നടത്തിയ ഓൺലൈൻ യോഗത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ വിലയിരുത്തി. വോട്ടെടുപ്പിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായതായി കളക്ടർമാർ അറിയിച്ചു. കൊട്ടിക്കലാശത്തിനിടെ ക്രമസമാധാന പ്രശ്നങ്ങളുണ്ടാകാ

തിരിക്കാനുള്ള മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്നും വിതരണ കേന്ദ്രങ്ങളിൽ പോളിങ് സാമഗ്രികളുടെ വിതരണം സുഗമമാക്കാനുള്ള ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ടെന്നും കളക്ടർമാർ പറഞ്ഞു. പോളിങ് സ്റ്റേഷനുകളിൽ വോട്ടർമാർക്ക് ഇരിക്കാനുള്ള സൗകര്യം, കുടിവെള്ളം, ക്യൂ നിൽക്കുന്നതിനുള്ള സൗകര്യം എന്നിവ ഉറപ്പാക്കും. തിരഞ്ഞെടുപ്പ് നടക്കുന്ന പ്രദേശങ്ങളിൽ വോട്ടെടുപ്പ് അവസാനിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയത്തിന് തൊട്ടുമുമ്പുള്ള 48 മണിക്കൂർ സമയത്തേയ്ക്കും, വോട്ടെണ്ണൽ ദിവസവും സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കിയെന്നുറപ്പാക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

*****************************************

## പിങ്ക് മോഡൽ പോലീസ് സ്റ്റേഷൻ (ഇൻട്രോ)

തിരഞ്ഞെടുപ്പ് കൂടുതൽ സുഗമവും ആകർഷകവുമാക്കുന്നതിന്റെ ഭാഗമായി ഇത്തവണ ഒട്ടേറെ പ്രത്യേകതകളോടെയാണ് പോളിംഗ് സ്റ്റേഷനുകൾ ക്രമീകരിച്ചിരിക്കുന്നത്. മോഡൽ, പിങ്ക് , യംഗ് എന്നിങ്ങനെ പോളിംഗ് സ്റ്റേഷനുകളിൽ പ്രത്യേക സജ്ജീകരണങ്ങളും തയ്യാറെടുപ്പുകളുമായി തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട ബൂത്തുകളൊരുങ്ങുകയാണ് .

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്......**

(വോയ്സ്)

*****************************************

## ശബരിമല-കമ്മീഷൻ നടപടി

ശബരിമല വിഷയവുമായി ബന്ധപ്പെട്ട് ബി.ജെ.പി വിതരണം ചെയ്യുന്ന ലഘുലേഖയ്ക്കെതിരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടപടി ആരംഭിച്ചു. സിപിഐ(എം) സംസ്ഥാന സെക്രട്ടറി

എം.വി. ഗോവിന്ദൻ നൽകിയ പരാതിയെ തുടർന്നാണ് നടപടി. ലഘുലേഖകൾ കണ്ടെത്തിയാൽ ഉടൻ നശിപ്പിക്കാനും നടപടിയെടുക്കാനും കമ്മീഷൻ ജില്ലാ കളക്ടർമാർക്ക് നിർദേശം നൽകി.

**************************************

## കേന്ദ്ര ജീവനക്കാർക്ക് വോട്ട്

സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള കേന്ദ്ര സർക്കാർ ഓഫീസുകളിലെ വോട്ടർമാരായ ജീവനക്കാർക്ക് സാധാരണ സേവന ആവശ്യകതകൾക്ക് വിധേയമായി വോട്ട് ചെയ്യാൻ അനുമതി ലഭിക്കും. ഓഫീസിൽ വൈകി വരികയോ, നേരത്തെ പോകാൻ അനുവദിക്കുകയോ അല്ലെങ്കിൽ വോട്ടെടുപ്പ് ദിവസം പ്രത്യേക സമയം അനുവദിച്ചുകൊണ്ടോ ന്യായമായ സൗകര്യം നൽകുമെന്ന് കേന്ദ്ര സർക്കാരിന്റെ പേഴ്സണൽ & ട്രെയിനിങ് വകുപ്പ്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ചു. രണ്ടാംഘട്ട വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിലെ പോസ്റ്റ് ഓഫീസുകൾ ഈ മാസം 8 ന് വൈകിട്ട് 6 വരെ പ്രവർത്തിക്കുമെന്ന് പോസ്റ്റ് മാസ്റ്റർ ജനറൽ തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ചു. പോസ്റ്റൽ ബാലറ്റിനുള്ള അപേക്ഷകളും പോസ്റ്റൽ ബാലറ്റുകളും അയക്കുന്നതിനും സ്വീകരിക്കുന്നതിനും വേണ്ടിയാണ് ഈ നടപടി.

**************************************

## റൂട്ട് മാർച്ച് -പോലീസ്

9ന് നടക്കുന്ന തദ്ദേശതിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങളുടെ ഭാഗമായി അടിമാലിയിൽ പോലീസിന്റെ നേതൃത്വത്തിൽ റൂട്ട് മാർച്ച് നടത്തി.തിരഞ്ഞെടുപ്പ് കാലത്ത് ക്രമസമാധാന പാലനം ഉറപ്പുവരുത്തുന്നതിനും ആളുകൾക്ക് പൊതുസുരക്ഷയുടെ കാര്യത്തിൽ ആത്മവിശ്വാസം നൽകുന്നതിനുമായിട്ടാണ് പോലീസ് റൂട്ട് മാർച്ച് നടത്തിയത്.

**************************************

## മൈലക്കാട് ദേശീയപാത കലക്ടർ

ദേശീയപാത നിർമ്മാണത്തിനിടെ മൈലക്കാട് പ്രദേശത്ത് റോഡ് തകർന്ന അപകടത്തെതുടർന്നുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കാനുള്ള അടിയന്തര നടപടികൾ കൈക്കൊണ്ടതായി ജില്ലാ കലക്ടർ എൻ. ദേവിദാസ്. ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥരുമായും നിർമാണകമ്പനി അധികൃതരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് തീരുമാനങ്ങൾ. വലത് സർവീസ് റോഡിലൂടെ പൂർണതോതിലുള്ള ഗതാഗതം ഡിസംബർ ഏഴിന് സാധ്യമാക്കും. 8ന് ഉച്ചയോടെ ഇടത് റോഡിലൂടെ ചെറിയ വാഹനങ്ങൾ കടത്തിവിട്ട് ഭാഗികമായി ഗതാഗതം പുന:സ്ഥാപിക്കും.

***************************************

## എം വി ഗോവിന്ദൻ- സതീശൻ

കൊല്ലത്ത് ദേശീയപാത തകർന്നതിൽ സംസ്ഥാനത്തിന് ഉത്തരവാദിത്തമില്ലെന്ന് സി പി ഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ കണ്ണൂരിൽ മാധ്യമ പ്രവർത്തകരോട് പറഞ്ഞു. നിർമ്മാണത്തിലുള്ള ദേശീയപാത തകർന്നതിൽ കേന്ദ്രത്തോട് പറയാൻ സംസ്ഥാനത്തിന് ഒരു പരാതിയുമില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പ്രതികരിച്ചു.

***************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

***************************************

## രത്തൻ യു. കേൽക്കർ

തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് എന്യൂമറേഷൻ ഫോം ഈ മാസം 18 വരെ സ്വീകരിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ. എന്യുമറേഷൻ ഫോമുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ സംബന്ധിച്ച പരസ്യം അടുത്ത ദിവസം നൽകും. എസ് ഐ ആറുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തീയതി നീട്ടിയത് പര്യാപ്തമല്ലെന്ന് സി.പി.ഐ.എം പ്രതിനിധി എം.വിജയകുമാർ യോഗത്തിൽ പറഞ്ഞു. എസ്.ഐ.ആറിൽ പ്രവാസി വോട്ടർമാരുടെ പങ്കാളിത്തം നാമമാത്രമാണെന്ന് കോൺഗ്രസ് നേതാക്കൾ യോഗത്തിൽ അറിയിച്ചു. സത്യസന്ധമായി യഥാർത്ഥ വോട്ടർമാർക്ക് അവകാശം വിനിയോഗിക്കാൻ എസ്ഐആർ അവസരമൊരുക്കുന്നുവെന്ന് ബി ജെ പി പ്രതിനിധി ജെ ആർ പത്മകുമാർ പറഞ്ഞു.

*******************************************

## കർശന നടപടി -ബി എൽ ഒ

ബി എൽ ഒ മാരുടെ ഔദ്യോഗിക കൃത്യനിർവഹണത്തിന് തടസം സൃഷ്ടിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്താൽ കർശന നടപടി സ്വീകരിക്കുമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായ ജില്ലാകളക്ടർ കെ ഇമ്പശേഖർ പറഞ്ഞു. കഴിഞ്ഞ ദിവസം ഉപ്പളയിൽ ബി എൽ ഒ യെ എസ്ഐആർ വോട്ടർപട്ടിക വിവരശേഖരണം നടത്തുന്നതിനിടെ ഒരു രാഷ്ട്രീയപാർട്ടി പ്രവർത്തകൻ തടഞ്ഞു നിർത്തി ഭീഷണിപ്പെടുത്തിയിരുന്നു. ബി എൽ ഒയുടെ ഫോണിലെ എസ് ഐ ആർ അപ്ലിക്കേഷനിലെ വിവരങ്ങൾ സ്വന്തം ഫോണിലേക്കും മറ്റു വാട്സ്ആപ്പ് ഗ്രൂപ്പുകളിലേക്കും പങ്കു വച്ച് ഔദ്യോഗിക കൃത്യ നിർവഹണം തടസ്സപ്പെടുത്തുകയും ചെയ്തതായി

പരാതിയുണ്ട്. ഇയാൾക്കെതിരെ മഞ്ചേശ്വരം പോലീസ് കേസെടുത്തിട്ടുണ്ട്.

****************************************

## കണ്ണൂർ കളക്ടർ - ഇൻട്രോ

എസ്.ഐ.ആറിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണെന്ന് ജില്ലാ കളക്ടർ അരുൺ കെ വിജയൻ ആകാശവാണി വാർത്തയോട് പറഞ്ഞു. ഇതിൽ ബി എൽ ഒ മാരുടെ പ്രവർത്തനം പ്രശംസനീയമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

(വോയ്സ്)

****************************************

## ക്രിക്കറ്റ്

വിശാഖപട്ടണത്ത് നടക്കുന്ന ഇന്ത്യ-ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ഇന്ത്യക്ക് 271 റൺ വിജയലക്ഷ്യം. ടോസ് നേടിയ ഇന്ത്യ ദക്ഷിണാഫ്രിക്കയെ ബാറ്റിംഗിന് അയക്കുകയായിരുന്നു. 270 റൺസ് നേടിയ ദക്ഷിണാഫ്രിക്ക 13 ബോൾ ബാക്കിനിൽക്കെ എല്ലാവരും പുറത്തായി. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 10 ഓവറിൽ വിക്കറ്റൊന്നും കൂടാതെ 44 റൺസ് എന്ന നിലയിലാണ്.

****************************************

## ഏവിയേഷൻ - ഇൻഡിഗോ

വിമാനം റദ്ദാക്കിയതുമായി ബന്ധപ്പെട്ട് യാത്രക്കാർക്ക് തിരികെ ലഭിക്കാനുള്ള റീഫണ്ടുകൾ നാളെ രാത്രി 8 മണിക്ക് മുമ്പായി നൽകണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം ഇൻഡിഗോയ്ക്ക് നിർദ്ദേശം നൽകി. യാത്രക്കാർക്ക് റീഷെഡ്യൂളിംഗ് ചാർജുകൾ ഈടാക്കരുതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പണം നൽകാൻ

കാലതാമസമുണ്ടായാൽ നിയന്ത്രണ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രാലയം വ്യക്തമാക്കി.

***************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

***************************************

## കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ്

കാഴ്ചപരിമിതർക്ക് വേണ്ടി കോതമംഗലം മെന്റർ അക്കാദമിയിൽ നാളെ രാവിലെ മുതൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കും. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എറണാകുളം ജില്ലാ കമ്മിറ്റിയും ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കോതമംഗലം ശാഖയും ചേർന്നാണ് പരിപാടി നടത്തുക. കൺസഷൻ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ നൽകാനും ഇവിടെ സംവിധാനം ഒരുക്കിയിട്ടുണ്ടെന്നും സംഘാടകർ അറിയിച്ചു.

***************************************************************************************************************************

***************************************